25-11-2021

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -25/11/2021

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന **ജില്ലാതല കാർഷിക സെമിനാറും** അഗ്രി ഹോർട്ടി സൊസൈറ്റിയുടെ 2020-21 വർഷത്തെ കാർഷിക അവാർഡ് വിതരണവും ഇന്ന് (നവംബർ 25) രാവിലെ 10 മണിക്ക് കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പ്ലാറ്റിനം ജൂബിലി ഹാളിൽ വച്ച് കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കാസറഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം നിർവഹിക്കുന്നു.

2. സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ പത്തനംതിട്ട ജില്ലയിലെ ആദ്യഘട്ട വിതരണോദ്ഘാടനം ഇന്ന് (25/11/21) വൈകിട്ട് 4 മണിക്ക് കോട്ടാങ്ങൽ പഞ്ചായത്തിലെ വായ്പൂര് സർവ്വീസ് സഹകരണബാങ്ക് ആഡിറ്റോറിയത്തിൽ കൂടുന്ന ചടങ്ങിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ റാന്നി എം.എൽ.എ അഡ്വ. പ്രമോദ് നാരായൺ അദ്ധ്യക്ഷത വഹിക്കും.

3. കോഴിക്കോട് കെ.വി.കെയുടെ മത്സ്യ വിപണനകേന്ദ്രം ഫ്രാങ്ക് (ഫിഷ് റിയറേഴ്സ് അസോസിയേഷൻ നോർത്ത് കോഴിക്കോട്) സൊസൈറ്റിയുടെ ഉൽപ്പന്നങ്ങളുടെ വിൽപനക്കായി തുറന്നുകൊടുത്തു. എല്ലാ ചൊവ്വാഴ്ചകളിലും സംഘടിപ്പിക്കുന്ന ആഴ്ച ചന്തയിൽ ഫ്രാങ്ക് സൊസൈറ്റി അംഗങ്ങളുടെ മത്സ്യങ്ങളും ജലസസ്യങ്ങളും കുറഞ്ഞ നിരക്കിൽ വിൽക്കപ്പെടുന്നു. വിശദവിവരങ്ങൾക്ക് 9207868543, 9946057345 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, മാതളം, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, കറ്റാർവാഴ, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക്, പൂച്ചെടികൾ എന്നിവയുടെ തൈകളും, പച്ചക്കറി വിത്തുകൾ, ചിപ്പിക്കൂൺ വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ **0495 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2452277, 9495805541** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എന്റർപ്രണവർ സപ്പോർട്ട് സെന്റർ പ്രവർത്തനം ആരംഭിച്ചു. പ്രധാനമായും ചെറുകിട സംരഭകർക്കും, യുവ സംരംഭകർക്കും പ്രോത്സാഹനം നൽകി ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേശം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.00 മുതൽ വൈകുന്നേരം 4.30 വരെ എന്റർപ്രണവർ സപ്പോർട്ട് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്താമെന്ന് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം മേധാവി അറിയിക്കുന്നു.

7. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന്റെ 2021 - 22 അദ്ധ്യയന വർഷത്തേക്ക് കാർഷിക മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച സംസ്ഥാന തലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർത്ഥിക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു സീറ്റിലേക്ക് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും കേരള കാർഷിക സര്വ്വകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഡിസംബർ 7 (07.12.2021) ആണ് അപേക്ഷ ലഭിക്കേണ്ട അവസാന തിയതി.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (നവംബർ 25-ന്) രാവിലെ 11 മണിക്ക് **ടെറസ് പച്ചക്കറികൃഷിയിലെ പ്രശ്നങ്ങളും പരിഹാരങ്ങളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. **കാർഷിക വിള വർദ്ധനവിന് തേനീച്ച പരിപാലനം** എന്ന ആശയം മുൻനിർത്തി, പിലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രവും ഹോർട്ടികോർപ്പും സംയുക്തമായി **"തേനീച്ച കൃഷി"**യിൽ 2021 ഡിസംബർ 08 മുതൽ 10 വരെ ഗവേഷണ കേന്ദ്രത്തിൽ വെച്ച് ത്രിദിന പരിശീലന പരിപാടി

സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നവംബർ 30 ന് മുമ്പായി 9846334758 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 30 മുതൽ ഡിസംബർ മൂന്നു വരെ പാലക്കാട് ജില്ലക്കാർക്ക് മാത്രമായി നടത്തുന്ന **വാണിജ്യാടിസ്ഥാനത്തിലുള്ള ആട്ടുവളർത്തൽ** എന്ന വിഷയത്തിലുള്ള പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുളളവർ അടുത്തുള്ള വെറ്ററിനറി സർജന്റെ ശുപാർശ സഹിതം 0491 2815454 എന്ന നമ്പറിലോ 9188522713 എന്ന വാട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെട്ട് ഈ മാസം 25 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ് .

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഐ.എസ്.ഒ./ഐ.ഇ.സി. 17025:2017 പ്രകാരമുള്ള ലബോറട്ടറി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റത്തിലും ഇന്റേണൽ ഓഡിറ്റിലും ഡിസംബർ 7 മുതൽ 10 വരെ പരിശീലനം നൽകുന്നു. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് & കാലിബ്രേഷൻസിന്റെ ഔദ്യോഗികമായ അംഗീകാരത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും വ്യവസ്ഥകളെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുന്നതിന് പരിശീലനം സഹായിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

12. മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടകെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശ്രിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് ചുരുങ്ങിയത് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.